പതിമൂന്നാം കേരള നിയമ സഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1220 — 12.06.2014 ൽ മറുപടിയ്ക്ക്

ഉപഭോക്തൃ ഫോറങ്ങൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ.റ്റി.എൻ. പ്രതാപൻ<br>ശ്രീ.പാലോട് രവി<br>ശ്രീ.പി.സി വിഷ്ണുനാഥ് | ശ്രീ.അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ഉപഭോക്തൃ ഫോറങ്ങൾ പ്രവർത്തിക്കുന്നുണ്ടോ ; വിശദമാക്കുമോ; | (എ) ഉണ്ട്. സംസ്ഥാന തലത്തിൽ തിരുവനന്തപുരത്ത് സംസ്ഥാന ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനും, 14 ജില്ലകളിലും ഉപഭോക്തൃ തർക്ക പരിഹാര ഫോറങ്ങളും പ്രവർത്തിച്ചുവരുന്നു. |
| (ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഫോറത്തിന്റെ പ്രവർത്തനം വഴി കൈവരിക്കാനുദ്ദേശിച്ചിട്ടുള്ളത് ; വിശദാംശങ്ങൾ നൽകാമോ ; | (ബി) 1986 ലെ ഉപഭോക്തൃ സംരക്ഷണ നിയമത്തിന്റെ അടിസ്ഥാനത്തിലാണ് ദേശീയ/സംസ്ഥാന കമ്മീഷനുകളും ഉപഭോക്തൃ തർക്ക പരിഹാര ഫോറങ്ങളും പ്രവർത്തിക്കുന്നത്. ഉപഭോക്താവ് എന്ന നിലയിലുള്ള പൊതുജനങ്ങളുടെ പരാതികൾക്ക് പരിഹാരം ഉറപ്പാക്കുകയാണ് പ്രധാനമായും ഇവയുടെ പ്രവർത്തനം വഴി ലക്ഷ്യമിടുന്നത്. |
| (സി) ഉപഭോക്തൃ ഫോറങ്ങൾ പുനസംഘടിപ്പിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ ; | (സി) 1986 ലെ ഉപഭോക്തൃ സംരക്ഷണനിയമമനുസരിച്ച് ജില്ലാ ഉപഭോക്തൃ തർക്കപരിഹാര ഫോറത്തിൽ നിയമിതനാകുന്ന അംഗത്തിന് നിയമനത്തീയതി മുതൽ 5 വർഷം അല്ലെങ്കിൽ 65 വയസ്സ് പൂർത്തിയാകുന്നതുവരെയാണ് കാലാവധി നിശ്ചയിച്ചിരിക്കുന്നത്. ഇത്തരത്തിൽ അംഗങ്ങളുടെ കാലാവധി പൂർത്തിയാകുന്ന മുറയ്ക്ക് യോഗ്യരായ പുതിയ അംഗങ്ങളെ നിയമിക്കുകയാണ് ചെയ്യുന്നത്. |
| (ഡി) ഇത്തരം ഫോറങ്ങൾ പ്രാദേശികമായി പുനസംഘടിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദാംശങ്ങൾ നൽകുമോ? | (ഡി) 1986 ലെ ഉപഭോക്തൃ സംരക്ഷണ നിയമത്തിൽ പ്രാദേശിക തലത്തിൽ ഫോറങ്ങൾക്ക് വ്യവസ്ഥയില്ല. ആവശ്യമായ സന്ദർഭങ്ങളിൽ ജില്ലാ ഉപഭോക്തൃ തർക്ക പരിഹാര ഫോറങ്ങളുടെ സിറ്റിംഗ് താലൂക്ക് തലത്തിൽ സംഘടിപ്പിക്കാറുണ്ട്. |

സെക്ഷൻ ഓഫീസർ